# പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 731 — 05/02/2020-ൽ മറുപടിയ്ക്ക്

**പീരുമേട് നിയോജകമണ്ഡലത്തിൽ ഗോത്രസാരഥി - ഗോത്രബന്ധു പദ്ധതികൾ**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീമതി ഇ.എസ്.ബിജിമോൾ : | | എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) | |
| (എ) | പീരുമേട് നിയോജകമണ്ഡലത്തിൽ ഗോത്രസാരഥി പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | പീരുമേട് നിയോജക മണ്ഡലത്തിൽ 3 വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഗോത്രസാരഥി പദ്ധതി നടപ്പിലാക്കി വരുന്നു.<br>1. സി.പി.എം.എച്ച്.എസ്.എസ്., പീരുമേട്<br>2. ജി.എൽ.പി.എസ്., അഴുത<br>3. എം.ജി.എൽ.സി. വഞ്ചിവയൽ |
| (ബി) | പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ആയിരക്കണക്കിന് ആളുകൾ അധിവസിക്കുന്ന ഇടുക്കി ജില്ല ഗോത്രബന്ധു പദ്ധതിയിൽ ഉൾപ്പെട്ടിട്ടില്ല എന്നത് വകുപ്പിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; എങ്കിൽ ഈ പദ്ധതിയിൽ ഇടുക്കി ജില്ലയെ കൂടി ഉൾപ്പെടുത്തുന്ന കാര്യം പരിഗണിക്കാമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ബി) | വയനാട് ജില്ലയിലും പാലക്കാട് ജില്ലയിലെ അട്ടപ്പാടി ബ്ലോക്കിലും നടപ്പിലാക്കിയ ഗോത്രബന്ധു പദ്ധതി ഇടുക്കി ഉൾപ്പെടെ മറ്റു ജില്ലകളിൽ നടപ്പിലാക്കുന്ന കാര്യം പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ